# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3285 — 25/06/2012 - ൽ മറുപടിക്ക്

## മത്സ്യസമൃദ്ധപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി:<br>,, വി.പി. സജീന്ദ്രൻ:<br>,, പി.സി. വിഷ്ണുനാഥ്:<br>,, ലൂഡി ലൂയിസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യസമൃദ്ധ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) സംയോജിത മത്സ്യകൃഷി പ്രോത്സാഹനം, പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കൽ, കരിമീൻകൃഷി വ്യാപനം, ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി മത്സ്യ കർഷക ക്ലബ്ബുകൾ സ്ഥാപിക്കുക, 20 ലക്ഷത്തിൽ പ്പരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക, മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ/ഞണ്ട് കയറ്റുമതി വർദ്ധനവ്, പുഴകളിലും കായലുകളിലും മത്സ്യ/ചെമ്മീൻ വിത്തു നിക്ഷേപം, ചെമ്മീൻ/മത്സ്യകൃഷിക്ക് സൗജന്യ ഇൻഷ്വറൻസ് മുതലായവ യാണ് മത്സ്യസമൃദ്ധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) മത്സ്യസമ്പത്ത് എത്ര ടണ്ണായി ഉയർത്തുന്നതിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | (ബി) ഉൾനാടൻ മത്സ്യോത്പാദനം മൂന്നു വർഷം കൊണ്ട് 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിനാണ് മത്സ്യസമൃദ്ധി പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) മത്സ്യവിഭവത്തിന്റെ ഗുണമേൻമയും വിനിയോഗവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) ഗുണനിലവാരം ഉറപ്പുവരുത്തിയ മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുങ്ങളാണ് പദ്ധതിയിൽ വിതരണം ചെയ്യുന്നത്. മത്സ്യരോഗ ജാഗ്രത, നിരീക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ